പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2729

17.10.2016-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടന്ന പീഡനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |

(എ) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടന്ന പീഡനങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഓരോ വർഷത്തേയും കണക്കുകൾ വ്യക്തമാക്കുമോ ;

(എ) 4,798 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓരോ വർഷത്തേയും കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | SC/ST (PoA) Act പ്രകാരമുള്ള കേസുകളുടെ എണ്ണം |
|---|---|
| 18.05.2011 മുതൽ 31.12.2011 വരെ | 645 |
| 2012 | 921 |
| 2013 | 874 |
| 2014 | 967 |
| 2015 | 955 |
| 2016 (24.05.2016 വരെ) | 436 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 09.10.2016 വരെ SC/ST (PoA) Act പ്രകാരമുള്ള 490 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള കേസുകൾ കഴിവതും വേഗത്തിൽ അന്വേഷണം നടത്തി കുറ്റപത്രം

(സി) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള കേസുകൾ നിയമാനുസരണം ഡി.വൈ.എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി വരുന്നതും, ഇത്തരം കേസുകൾ

സമർപ്പിക്കുന്നതിന്
സ്വീകരിച്ചിട്ടുള്ള നടപടികൾ
എന്തൊക്കെയാണ്;
വിശദാംശം ലഭ്യമാക്കുമോ ?

മോണിറ്ററിംഗ് നടത്തി അന്വേഷണം പരമാവധി വേഗത്തിലാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഏതെങ്കിലും കേസുകളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയതിന്റെ കാരണം അന്വേഷിച്ച് അത് പരിഹരിച്ച് കുറ്റപത്രം സമർപ്പിക്കുന്നതിന് സത്വര ശ്രദ്ധ നൽകി വരുന്നുണ്ട്. കൂടാതെ SC/ST (PoA) Act പ്രകാരമുള്ള കേസുകളുടെ നടപടികൾ വേഗത്തിലാക്കുന്നതിനു വേണ്ടി എല്ലാ മാസവും ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ അതാത് ജില്ലകളിൽ റിവ്യൂ മീറ്റിംഗ് നടത്തി അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ